

ചിത്രം 18.
നഴ്സറിയും വില്പനയും

പരിശീലനം തുടങ്ങിയവ വഴിയാണ്. ഇവിടത്തെ സുപ്രധാന വിളകളുടെ കൃഷിയെക്കുറിച്ചും ഉപയോഗങ്ങളെക്കുറിച്ചുമുള്ള ലീഫ്‌ലെറ്റുകൾ, പാംലെറ്റുകൾ, പുസ്തകങ്ങൾ, സീഡികൾ, ഡീവീഡീകൾ തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ തയ്യാറാക്കാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുന്നു. കാർഷിക വിളകളുടെ രോഗനിർണ്ണയവും അവയ്ക്കുള്ള പ്രതിവിധിയും പരിശീലനവും വിദഗ്ദ്ധോപദേശവും ഗുണമേന്മ നിർണയവും ബിരുദ-ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്ക് പ്രോജക്ട് ചെയ്യാനുള്ള സൗകര്യവും ഈ കേന്ദ്രം നൽകുന്നു.

## ഇനിയും മുന്നോട്ട്

വിവിധ തരം പഴവർഗ്ഗങ്ങളുടെ ഉത്പാദനത്തിനും ഫീൽഡ് ഗവേഷണ വികസനത്തിനും ഈ കേന്ദ്രത്തെ ട്രോപ്പിക്കൽ ഫ്രൂട്ട് ക്രോപ്സ് റിസേർച്ച് സ്റ്റേഷൻ (TFCRS) എന്ന് പുനർനാമകരണം ചെയ്യുന്നതിനും മുന്നോട്ടുള്ള പുരോഗതിക്കും വൈവിധ്യവൽകരണത്തിനും ആവശ്യമായ ആന്തരഘടന സ്ഥാപനത്തിനും സ്വന്തമായൊരു ഗവേഷണ ഫാമിനും വേണ്ടി സർക്കാർ വക സ്ഥലം ലഭിക്കുവാനുള്ള ആത്മാർത്ഥമായ ചുവടുവെപ്പുകൾ ആരംഭിച്ചു കഴിഞ്ഞു.

എഫ്. പി. ഒ. രജിസ്ട്രേഷനുള്ള ഒരു ഫല സംസ്കരണ ഗവേഷണശാല കൂടി ഈ കേന്ദ്രത്തിൽ ആരംഭിക്കുവാൻ പദ്ധതിയുണ്ട്. അതുവഴി പഠനശേഷം പാഴാക്കി കളയുന്ന പഴങ്ങളെ മൂല്യവർദ്ധിത ഉത്പന്നങ്ങളായ സ്ക്വാഷ്, ജാം, സിറപ്പ് മുതലായവയായി മാറ്റുവാൻ സാധിക്കും.

വാഴക്കുളവും അതിന്റെ സമീപ പ്രദേശങ്ങളും പഴവർഗ്ഗങ്ങളായ വാഴ, ചക്ക, മാങ്ങ, പപ്പായ, റംബൂട്ടാൻ, മാങ്ഗോസ്റ്റീൻ എന്നിവയ്ക്ക് പേരുകേട്ടതാണ്. പക്ഷേ, കർഷകരുടെ ആവശ്യങ്ങൾ നിറവേറ്റാനായി ഈ ജില്ലയിൽ ഒരു പഴ ഗവേഷണ കേന്ദ്രം ഇല്ല. പൈനാപ്പിൾ ഗവേഷണ കേന്ദ്രം, വാഴക്കുളം സമീപ ഭാവിയിൽ ട്രോപ്പിക്കൽ ഫ്രൂട്ട് ക്രോപ്സ് റിസേർച്ച് സ്റ്റേഷനായി മാറാൻ വിഭാവനം ചെയ്യുന്നു. ഏറ്റവും മികച്ച മാനവിക ശേഷിയും ഭൗതിക ഘടനാവികസനവും സംയോജിപ്പിച്ചു കൊണ്ടുള്ള അശ്രാന്തഗവേഷണ വികസനപ്രവർത്തനങ്ങളിലൂടെ പഴവർഗ്ഗവിള മേഖലയിൽ മേൽക്കോയ്മയും ആധിപത്യവും സ്ഥാപിച്ച് കർഷകർക്ക് മികച്ച സാങ്കേതിക വിദ്യയും ഉൽപ്പന്നങ്ങളും സേവനങ്ങളും നൽകണമെന്നാണ് ഈ ഗവേഷണ കേന്ദ്രം സ്വപ്നം കാണുന്നത്.

**ട്രോപ്പിക്കൽ ഫ്രൂട്ട് ക്രോപ്സ് റിസർച്ച് സ്റ്റേഷനിൽ (TFCRS) താഴെ പറയുന്നവ ഉൾപ്പെട്ടിരിക്കുന്നു.**

***സാങ്കേതിക വിഭാഗം***

- ക്രോപ്പ് ഇംപ്രൂവ്മെന്റ് (അഗ്രികൾച്ചറൽ ബോട്ടണി, പ്ലാന്റ് ബ്രീഡിംഗ് & ബയോടെക്നോളജി)
- ക്രോപ്പ് പ്രൊഡക്ഷൻ (അഗ്രോണമി, ഹോർട്ടികൾച്ചർ, അഗ്രികൾച്ചറൽ കെമിസ്ട്രി & അഗ്രികൾച്ചറൽ എക്കണോമിക്സ്)
- ക്രോപ്പ് പ്രൊട്ടെക്ഷൻ (അഗ്രികൾച്ചറൽ എന്റമോളജി, പ്ലാന്റ് പതോളജി, മൈക്രോബയോളജി & നെമറ്റോളജി)

***ഉത്പാദന വിഭാഗം***

- ക്രോപ്പ് പ്രോസെസ്സിംഗ് & പ്രൊഡക്റ്റ് ഡെവലപ്മന്റ് (ഫുഡ് പ്രോസെസ്സിംഗ് & ഹോം സയൻസ്സ്)
- ക്വാളിറ്റി അഷ്വറൻസ്സ് (ക്വാളിറ്റി കൺട്രോൾ)

***സേവന വിഭാഗം***

- ട്രാൻസ്ഫർ ഓഫ് ടെക്നോളജി, മറ്റു സേവനങ്ങൾ (അഗ്രികൾച്ചറൽ എക്സ്റ്റെൻഷൻ, ICT)

## നിങ്ങൾക്ക് സ്വാഗതം.......

കേരള കാർഷിക സർവ്വകലാശാലയുടെ ഈ കേന്ദ്രത്തിലേക്ക് നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും വരാവുന്നതാണ്. മുൻകൂർ അനുവാദത്തോടുകൂടി വരുന്നതാണ് അഭികാമ്യം. പൈനാപ്പിൾ ഗവേഷണ കേന്ദ്രത്തെക്കുറിച്ച് കൂടുതൽ അറിയുന്നതിനായി ഞങ്ങളുടെ വെബ്സൈറ്റുകൾ സന്ദർശിക്കാവുന്നതാണ്. നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വിമർശനങ്ങളും ഞങ്ങൾ വിലമതിക്കുന്നതും സർവ്വാത്മന സ്വീകരിക്കുന്നതുമാണ്.

### എത്തിച്ചേരുവാൻ




| | | |
|---|---|---|
| കൊച്ചി തുറമുഖം | : | 80 കി. മീ. |
| ആലുവ റെയിൽവെ സ്റ്റേഷൻ | : | 50 കി. മീ. |
| നെടുമ്പാശ്ശേരി വിമാനത്താവളം | : | 40 കി. മീ. |
| മൂവാറ്റുപുഴ | : | 10 കി. മീ |
| തൊടുപുഴ | : | 10 കി. മീ. |

# കേരള കാർഷിക സർവ്വകലാശാല
# പൈനാപ്പിൾ ഗവേഷണ കേന്ദ്രം
# വാഴക്കുളം

## വിളകൾ

1. പൈനാപ്പിൾ
2. പാഷൻ ഫ്രൂട്ട്
3. വാഴ

## സാങ്കേതിക വിദ്യകൾ

1. വൻ തോതിലുള്ള ടിഷ്യു കൾച്ചർ ഉൽപാദനം ഉൾപ്പടെ പ്രവർദ്ധനത്തിനുള്ള മാർഗ്ഗരേഖകൾ
2. തനിവിളയായും ഇടവിളയായും വിവിധ സാഹചര്യങ്ങളിലുള്ള വിള ഉൽപാദനം
3. വിള സംരക്ഷണം
4. സംസ്കരണവും മൂല്യ വർദ്ധനവും
5. ഗുണമേന്മ നിർണ്ണയം

## ഉൽപ്പന്നങ്ങൾ

1. ടിഷ്യു കൾച്ചർ തൈകൾ
2. വിത്തു തൈകൾ
3. വേരുപിടിപ്പിച്ച തണ്ടുകൾ
4. പ്രസിദ്ധീകരണങ്ങൾ

## സേവനങ്ങൾ

1. കാർഷിക വിളകളുടെ രോഗനിർണയവും അവയ്ക്കുള്ള പ്രതിവിധിയും
2. പരിശീലനം
3. വിള പരിശോധന
4. ഗുണമേന്മ പരിശോധന
5. ബിരുദ-ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്ക് പ്രോജക്ട് വർക്ക്
6. വൻതോതിൽ ടിഷ്യു കൾച്ചർ ഉൽപാദനം

**ബന്ധപ്പെടുവാൻ**

**അസ്സോസ്സിയേറ്റ് പ്രൊഫസർ & ഹെഡ്**
**പൈനാപ്പിൾ ഗവേഷണ കേന്ദ്രം**
(കേരള കാർഷിക സർവ്വകലാശാല)
വാഴക്കുളം, മൂവാറ്റുപുഴ, എറണാകുളം ജില്ല, പിൻ-686 670
ഫോൺ : +91485 2260832
ഫാക്സ് : +91485 2260832
ഈ-മെയിൽ: prsvkm@kau.in, prsvkm@gmail.com
വെബ്സൈറ്റ്: http://www.kau.edu/prsvkm
http://prsvkm.tripod.com

G WORLD Vklm. Cell : 9895044682

# പൈനാപ്പിൾ ഗവേഷണ കേന്ദ്രം

ഡോ. പി. പി. ജോയി, അസ്സോസ്സിയേറ്റ് പ്രൊഫസർ & ഹെഡ്




സാങ്കേതിക സഹായം : ജസ്റ്റിൻ റ്റി. ജോസ്, ശ്രുതി തോമസ്, അഞ്ജന ആർ.
നീമ ജയിംസ്, രെഞ്ജു റോസ് കുര്യൻ

**കേരള കാർഷിക സർവ്വകലാശാല**
**പൈനാപ്പിൾ ഗവേഷണ കേന്ദ്രം**
വാഴക്കുളം പി. ഒ. 686 670, മൂവാറ്റുപുഴ, എറണാകുളം ജില്ല
ഫോൺ : 0485 2260832, ഫാക്സ് : 0485 2260832
Email: prsvkm@kau.in, Website: www.kau.edu/prsvkm
2012

## ചരിത്രം

പൈനാപ്പിൾ കർഷകർക്ക് ഗവേഷണ വികസന സഹായത്തിനായി പൈനാപ്പിൾ ഗവേഷണ കേന്ദ്രം 1995 ജനുവരി 2 ന് വാഴക്കുളത്ത് ആരംഭിച്ചു. അന്നു മുതൽ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഈ ഗവേഷണ കേന്ദ്രം ഭാരതത്തിലാകമാനവും പ്രത്യേകിച്ച്, കേരളത്തിലെ പൈനാപ്പിൾ കർഷകർക്ക് ഒരത്താണിയായി നിലകൊള്ളുന്നു.

കേരള ഹോർട്ടികൾച്ചർ വികസന പദ്ധതിയുടെ (കെ. എച്ച്.ഡി.പി) കീഴിൽ 02.01.1995 –ൽ പൈനാപ്പിൾ ഗവേഷണ കേന്ദ്രം & കീടരോഗ നിരീക്ഷണ യൂണിറ്റ് എന്ന പേരിലാണ് ഈ കേന്ദ്രം ആരംഭിച്ചത്. 24.06.1996 –ൽ ഓഫീസും അതിനോടനുബന്ധിച്ച് ഗവേഷണശാലയും പണിയുന്നതിന് റവന്യു ഡിപ്പാർട്ടുമെന്റ് കേരള കാർഷിക സർവ്വകലാശാലയ്ക്ക് 15 സെന്റ് സ്ഥലം വിട്ടുതന്നു. 01.07.1997 –ൽ ഈ കേന്ദ്രം കെ. എച്ച്. ഡി. പി. യിൽ നിന്നും മാറി കേരള കാർഷിക സർവ്വകലാശാലയുടെ ഭാഗമായി. 27.06.1998 –ൽ പുതുതായി പണി കഴിപ്പിച്ച കെട്ടിടത്തിൽ പ്രവർത്തനക്ഷമമായി.

## സ്ഥാനം

എറണാകുളം ജില്ലയിലെ, മൂവാറ്റുപുഴയിൽ നിന്ന് 10 കി. മീ. കിഴക്ക് മാറി തൊടുപുഴ–മൂവാറ്റുപുഴ റോഡിൽ വാഴക്കുളം പൈനാപ്പിൾ മാർക്കറ്റിനോട് ചേർന്നാണ് ഈ സ്ഥാപനം സ്ഥിതി ചെയ്യുന്നത്. ഇവിടെ നിന്നും കൊച്ചി ഇന്റർനാഷ്ണൽ എയർപ്പോർട്ട്, നെടുമ്പാശ്ശേരിയിലേക്ക് 40 കി.മീ. ദൂരമുണ്ട്. 50 കി.മീ. അകലെ ആലുവ റെയിൽവേ സ്റ്റേഷനും, 80 കി.മീ. അകലെ കൊച്ചി തുറമുഖവും സ്ഥിതി ചെയ്യുന്നു.

## കാര്യ നിയോഗങ്ങൾ

1. പൈനാപ്പിൾ കർഷകർക്ക് കൃഷി സാങ്കേതിക ഉപദേശങ്ങൾ നൽകുക
2. പൈനാപ്പിൾ മേഖലയിൽ മേന്മയേറിയ സാങ്കേതിക വിദ്യയും, ഉൽപ്പന്നങ്ങളും, സേവനങ്ങളും ലഭ്യമാക്കുക
3. പൈനാപ്പിളിലും കേരളത്തിലെ മറ്റു പഴവർഗ്ഗങ്ങളിലും അടിസ്ഥാനപരവും, പ്രായോഗികവുമായ ഗവേഷണം നടത്തുക

## സൗകര്യങ്ങൾ

***പരീക്ഷണശാലകൾ :*** ടിഷ്യു കൾച്ചർ, ജീവരസതന്ത്രം, സൂക്ഷ്മാണു പഠനശാല എന്നീ പരീക്ഷണശാലകളിലായി, ജെൽ ഡോക്യുമെന്റേഷൻ, മൈക്രോപ്ലേറ്റ് റീഡർ & വാഷർ, പി. സി. ആർ. യൂണിറ്റ്, യൂവി-വിസിബിൾ സ്പെക്ട്രോഫോട്ടോമീറ്റർ, യൂവി-ട്രാൻസ് ഇലുമിനേറ്റർ, ഫ്ളയിംഫോട്ടോമീറ്റർ, സെന്ട്രീഫ്യൂജുകൾ, ക്യാമറയോടുകൂടിയ മൈക്രോസ്കോപ്, എലക്ട്രോഫോറെസിസ് യൂണിറ്റ്, ഓർബിറ്റൽ ഷേയ്ക്കർ, അതികൃത്യതാതുലാസ്, ഓവൻ, ഡീപ് ഫ്രീസർ, ബി. ഒ. ഡി. ഇൻക്യുബേറ്റർ, ലാമിനാർ എയർ ഫ്ളോ ചേംബർ, ഡിസ്റ്റിലേഷൻ യൂണിറ്റ് തുടങ്ങിയ ശാസ്ത്ര സാങ്കേതികോപകരണങ്ങൾ പ്രവർത്തനക്ഷമമാണ് (ചിത്രങ്ങൾ 1–5).



ചിത്രം 1. മൈക്രൊപ്ലേറ്റ് വാഷർ & റീഡർ



ചിത്രം 2.
ലാമിനാർ എയർഫ്ളൊ ചേംബർ & കൾച്ചർ റൂം



ചിത്രം 3.
പി.സി.ആർ. യൂണിറ്റ്



ചിത്രം 4. ക്യാമറയോടുകൂടിയ മൈക്രോസ്കോപ്



ചിത്രം 5. യൂവി-വിസിബിൾ സ്പെക്ട്രോഫോട്ടോമീററർ

***കൃഷിസ്ഥലം :*** 1.2 ഹെക്ടർ

***ഗ്രന്ഥശാല :*** കൃഷിക്കും ഗവേഷണത്തിനും ആവശ്യമായ പ്രധാന പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും.

***സെമിനാർ ഹാൾ :*** എല്ലാവിധ സൗകര്യങ്ങളോടുകൂടിയ ആധുനിക ദ്രശ്യ-ശ്രവ്യ സാങ്കേതിക ഉപകരണങ്ങളുമുള്ള സെമിനാർ ഹാൾ.

***വിൽപ്പന കേന്ദ്രം :*** ടിഷ്യു കൾച്ചർ തൈകൾ, വിത്തു തൈകൾ, വേരു പിടിപ്പിച്ച തണ്ടുകൾ, പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവ വിൽപനയ്ക്ക് സജ്ജമാണ്.

## നേട്ടങ്ങൾ

റബ്ബറിന്റെയും തെങ്ങിന്റെയും ഇടവിളയായി പൈനാപ്പിൾ കൃഷി ചെയ്യുമ്പോഴുള്ള ഇടയകലം കൊടുക്കൽ, സാന്ദ്രത, ജൈവവള പ്രയോഗം തുടങ്ങി, പൈനാപ്പിൾ കൃഷിയുടെ വിവിധ വശങ്ങളെക്കുറിച്ച് ഈ കേന്ദ്രം ഗവേഷണം നടത്തിയിട്ടുണ്ട്. കൂടാതെ പുതിയ ഇനങ്ങളുടെ ഉൽപാദനം നടത്തുകയും, ഈ സ്ഥാപനത്തിന്റെ നിരന്തര പരിവേഷണത്തിന്റെയും, ഗവേഷണത്തിന്റെയും ഫലമായി വാഴക്കുളം പ്രദേശത്ത് പൈനാപ്പിൾ കൃഷിയെ ദോഷകരമായി ബാധിക്കുന്ന മീലി ബഗ് വാട്ടവുമായി ബന്ധപ്പെട്ട PMWA വൈറസ് ഉണ്ടെന്ന് കണ്ടെത്തുകയും ചെയ്തു. ഈ ഗവേഷണ സ്ഥാപനത്തിന്റെ പഠനഫലമായി മൗറിഷ്യസ് എന്ന ജനപ്രീതി നേടിയ ഇനത്തിന്റെ ഉൽപാദനത്തിന് ചില മാർഗ്ഗരേഖകൾ ശുപാർശ ചെയ്തു. ഈ ശുപാർശകളെല്ലാം പൈനാപ്പിൾ കർഷകരിലേക്ക് എത്തിച്ചിട്ടുണ്ട്. ടിഷ്യു കൾച്ചർ വഴി വിവിധ ഇനം പൈനാപ്പിൾ ഉണ്ടാക്കാനുള്ള പ്രായോഗിക രീതി കണ്ടുപിടിച്ചു. ഈ കേന്ദ്രം ഇപ്പോൾ തന്നെ 60,000 –ൽ അധികം ടിഷ്യു കൾച്ചർ പൈനാപ്പിൾ തൈകളും 25,000–ൽ അധികം പാഷൻ ഫ്രൂട്ട് തൈകളും വിപണനം നടത്തിയിട്ടുണ്ട്. ഉയർന്ന തോതിലുള്ള ടിഷ്യു കൾച്ചർ വാഴയുടെ ഉൽപാദനവും ആരംഭിച്ചിട്ടുണ്ട്. ക്യു, മൗറിഷ്യസ് ഇനങ്ങളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷിക്കായി റബ്ബറിലും, തെങ്ങിൻത്തോപ്പിലുമുള്ള ഇടവിളകൃഷിയും, പാടത്തുള്ള കൃഷിയും വികസിപ്പിച്ചെടുത്തു. കൃത്രിമ വളപ്രയോഗം കുറയ്ക്കാനുള്ള രീതികൾ കണ്ടെത്തി. **വാഴക്കുളം പൈനാപ്പിൾ** ഭൂസൂചിക രജിസ്റ്ററിൽ ഉൾപ്പെടുത്തി. നടുക്കര അഗ്രോ പ്രോസസ്സിങ്ങ് കമ്പനി, പൈനാപ്പിൾ ഫാർമേർസ് അസ്സോസിയേഷൻ എന്നിവയുടെ സഹകരണത്തോടെ ഈ ഗവേഷണ കേന്ദ്രം പൈനാപ്പിൾ മേഖലയുടെ സമഗ്ര വികസനത്തിനായി പ്രവർത്തിക്കുന്നു (ചിത്രങ്ങൾ 6–17).



ചിത്രം 6. തനിവിള



ചിത്രം 7. റബ്ബർ തോട്ടത്തിൽ



ചിത്രം 8. തെങ്ങിൻത്തോപ്പിൽ



ചിത്രം 9. നെൽപ്പാടത്തിൽ



ചിത്രം 10.
ക്യു



ചിത്രം 11.
മൗറിഷ്യസ്



ചിത്രം 12.
അമൃത



ചിത്രം 13.
എംഡി -2



ചിത്രം 14.
മീലിമൂട്ടയും PMWA വൈറസ് രോഗവും



ചിത്രം 15.
ടിഷ്യു കൾച്ചർ പൈനാപ്പിൾ



ചിത്രം 16.
പാഷൻ ഫ്രൂട്ട് തൈകൾ



ചിത്രം 17.
ടിഷ്യു കൾച്ചർ വാഴകൾ

## ഗവേഷണം

ഈ ഗവേഷണ കേന്ദ്രം പൈനാപ്പിൾ, പാഷൻ ഫ്രൂട്ട്, വാഴ എന്നിവയുടെയും കൂടാതെ കേരളത്തിലെ മറ്റു പഴവർഗ്ഗങ്ങളുടെയും പുരോഗതിക്കുവേണ്ടി അടിസ്ഥാനവും പ്രായോഗികവുമായ പഠനങ്ങൾ നടത്തുന്നു. പ്രധാനമായും ഈ പഠനങ്ങൾ സംയുക്ത സാങ്കേതിക വികസനരീതിയിലാണ് നടപ്പിലാക്കുന്നത്. ഈ പഠനങ്ങൾക്കുവേണ്ട ധനസഹായം കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര–സംസ്ഥാന സർക്കാരുകൾ, ഐ.സി.എ.ആർ, എസ്.എച്ച്.എം, എൻ.എച്ച്.എം, കെ.എസ്. സി.എസ്. ടി. ഇ. തുടങ്ങിയവയാണ് നൽകുന്നത്.

### *നിലവിലുള്ള പദ്ധതികൾ*

പ്രധാനമായും താഴെ പറയുന്ന നാലു പദ്ധതികളാണുള്ളത്.

- പൈനാപ്പിൾ ഗവേഷണ പദ്ധതി
- പാഷൻ ഫ്രൂട്ട് ഗവേഷണ പദ്ധതി
- അത്യുത്പാതനശേഷിയും ഗുണമേന്മയുമുള്ള പൈനാപ്പിൾ പ്രജനനപദ്ധതി
- സംയോജിത സാങ്കേതിക വികസനരീതിയിലൂടെ മദ്ധ്യകേരളത്തിന് യോജിച്ച മേന്മയേറിയ പൈനാപ്പിൾ ഉരുത്തിരിക്കുവാനുള്ള പദ്ധതി

കേരളത്തിൽ വാണിജ്യാടിസ്ഥാനത്തിൽ ഏറ്റവും മികച്ച ഇനം പാഷൻ ഫ്രൂട്ട് ഉരുത്തിരിച്ച് എടുക്കുവാനുള്ള ത്രിവത്സര പദ്ധതിക്ക് കേരള സംസ്ഥന സയൻസ്, ടെക്നോളജി & എൻവയോൺമെന്റ് കൗൺസിൽ 12.55 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി മൂലം കർഷകർക്ക് കൃഷി സ്ഥലത്തെ പരമാവധി പ്രയോജനപ്പെടുത്തി അതുവഴി കൂടുതൽ തൊഴിലും ഉയർന്ന വരുമാനവും നല്ല ജീവിതസാഹചര്യവും ഭക്ഷണവും ആരോഗ്യവും തൊഴിലുറപ്പും പ്രദാനം ചെയ്യുന്നു.

പഠനശേഷം പാഴാക്കി കളയുന്ന ഫലങ്ങളെ മൂല്യവർദ്ധിത ഉത്പന്നങ്ങളായ സ്ക്വാഷ്, ജാം, സിറപ്പ് മുതലായവയായി മാറ്റുന്നതിന് 19.90 ലക്ഷം രൂപ മുതൽ മുടക്കുള്ള പഴ സംസ്കരണ ഗവേഷണ ശാലയുടെ പ്രവർത്തനാനുമതിക്കായി ആർ. കെ. വി. വൈ 2011-12ന് സമർപ്പിച്ചിട്ടുണ്ട്.

## നഴ്സറിയും വിതരണവും

പലയിനം ടിഷ്യു കൾച്ചർ പൈനാപ്പിളും, വാഴയും, പാഷൻ ഫ്രൂട്ട് വേരുപിടിപ്പിച്ചതും, തൈകളും വൻതോതിൽ ഇവിടെ ഉത്പാദിപ്പിക്കുന്നുണ്ട്. ഇവ വിപണനത്തിനായി ഈ കേന്ദ്രത്തിൽ ലഭ്യമാണ്. നടീൽ വസ്തുക്കൾ മുൻകൂർ ബുക്ക് ചെയ്യാൻ സാധിക്കും. ബുക്ക് ചെയ്യുന്നതിനായി നേരിട്ട് പണമടയ്ക്കുകയോ അസ്സോസ്സിയേറ്റ് പ്രൊഫസ്സർ & ഹെഡ്, പി. ആർ. എസ്., വാഴക്കുളം എന്ന പേരിൽ എസ്. ബി. ഐ., വാഴക്കുളം, മൂവാറ്റുപുഴ ബ്രാഞ്ചിൽ (കോഡ് നമ്പർ: 7844) മാറാവുന്ന രീതിയിൽ ഡിമാന്റ് ഡ്രാഫ്റ്റ് അയയ്ക്കുകയോ വേണം. മുൻകൂർ പണമടച്ച് ഓർഡർ ചെയ്തവർക്ക് ആദ്യം വിതരണം ചെയ്യുന്നതാണ്. ടിഷ്യു കൾച്ചർ പൈനാപ്പിൾ, വാഴ, പാഷൻ ഫ്രൂട്ട് ഉൾപ്പെടെ ഒരു ലക്ഷത്തിലധികം നടീൽ വസ്തുക്കൾ ഈ കേന്ദ്രം ഇപ്പോൾത്തന്നെ വിതരണം ചെയ്തിട്ടുണ്ട് (ചിത്രം 18).

## വിജ്ഞാനവ്യാപനം

ഈ കേന്ദ്രത്തിൽ കണ്ടെത്തുന്ന സാങ്കേതിക വിദ്യകൾ ജനങ്ങളിലേക്ക് എത്തിക്കുന്നത് വ്യക്തിപരമായ ചർച്ചകൾ, കൃഷിഭൂമി സന്ദർശനം, ഫോൺ, ഈ–മെയിൽ, കത്ത്, റേഡിയോ, ടി.വി, പത്രം, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, സെമിനാർ,